ഉത്തരം

(എ)യും (ബി)യും യൂണിവേഴ്സിറ്റികൾ സ്വയം ഭരണ സ്ഥാപനങ്ങൾ ആകയാൽ അവയുടെ സിലബസ് നിശ്ചയിക്കുന്നത് സർക്കാരല്ല. ബന്ധപ്പെട്ട സർവ്വകലാശാലകളുടെ അക്കാഡമിക് ബോഡികളാണ് കാലാകാലങ്ങളിൽ സിലബസ്സിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താറുള്ളതെന്ന് സർവ്വകലാശാലകൾ അറിയിച്ചിട്ടുണ്ട്.

(സി) യു. ജി. സി.-യാണ് സിലബസ് പരിഷ്കരണം സംബന്ധിച്ച വിദഗ്ദ്ധോപദേശം നൽകുന്നത്. യു. ജി. സി.യുടെ മോഡൽ കരിക്കുലം അനുസരിച്ച് വരുത്തുന്ന മാറ്റങ്ങൾ വിദഗ്ദർ അടങ്ങിയ സമിതികളായ ബോർഡ് ഓഫ് സ്റ്റഡീസും ഫാൽക്കറ്റിയും അക്കാഡമിക് കൗൺസിലും വിശദമായി പരിശോധിച്ചശേഷം മാത്രം നടപ്പാക്കാനുള്ള അനുമതി നൽകുന്നു.

(ഡി) എം. ജി. സർവ്വകലാശാലയിൽ വാർഷികാടിസ്ഥാനത്തിലുള്ള വ്യവസ്ഥാപിതമായ മോഡൽ 1st ഡിഗ്രി കോഴ്സുകളാണ് പുതുതായി സെമസ്റ്റർ സമ്പ്രദായത്തിലേക്ക് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. കൊച്ചി സർവ്വകലാശാലയിൽ എല്ലാ കോഴ്സുകളും സെമസ്റ്റർ സമ്പ്രദായത്തിലാണ്. കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകൾ ഡിഗ്രി തലത്തിലുള്ള എല്ലാ കോഴ്സുകളും സെമസ്റ്റർ സമ്പ്രദായത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. കേരള സർവ്വകലാശാല എല്ലാ ബിരുദാനന്തര കോഴ്സുകളും ബിരുദ തലത്തിലുള്ള റീസ്ട്രക്ചേർഡ്/വൊക്കേഷണൽ കോഴ്സുകളും ഇതിനോടകം സെമസ്റ്റർ സമ്പ്രദായത്തിൽ ആക്കിയിട്ടുണ്ട്. മറ്റ് ബിരുദ കോഴ്സുകൾ സെമസ്റ്റർ സമ്പ്രദായത്തിലാക്കുവാൻ നടപടി തുടങ്ങിയിട്ടുണ്ട്. സംസ്കൃത സർവ്വകലാശാലയുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) എം. ജി., കോഴിക്കോട് സർവ്വകലാശാലകളിൽ ഇതു സംബന്ധിച്ച തീരുമാനം ആയിട്ടില്ല. കേരള സർവ്വകലാശാലയിൽ 2005-2006 അദ്ധ്യയന വർഷം മുതൽ ബിരുദ കോഴ്സുകൾ സെമസ്റ്റർ സമ്പ്രദായത്തിലാക്കാൻ അക്കാഡമിക് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. കൂടുതൽ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ നടത്തുകയും സർക്കാർ സാമ്പത്തിക സഹായം ചെയ്യുകയും ചെയ്താൽ അടുത്ത അധ്യയന വർഷം മുതൽ എല്ലാ ബിരുദ കോഴ്സുകളും സെമസ്റ്റർ സമ്പ്രദായത്തിലേക്ക് മാറ്റാൻ കഴിയുമെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയിൽ 2005-06 വർഷത്തിലോ 2006-ലെ പ്രവേശനത്തിലോ നടപ്പാക്കാൻ കഴിയുമെന്ന് കരുതുന്നു. സംസ്കൃത സർവ്വകലാശാലയുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

കോളേജുകൾക്ക് സ്വയംഭരണാവകാശം

157 [756] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോളേജുകൾക്ക് സ്വയംഭരണാവകാശം അനുവദിക്കുന്ന കാര്യം പരിഗണന യിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പരിഗണനയിലുണ്ട്. വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല.

മാരിടൈം അക്കാഡമിയുടെ പ്രവർത്തനം

158 [757] ശ്രീ. വി. ഡി. സതീശൻ :

,, കെ. മുഹമ്മദാലി :

പ്രൊഫ. കെ. വി. തോമസ് :

ശ്രീ. കെ. സുധാകരൻ :

,, എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മാരിടൈം അക്കാഡമി നിലവിൽ വന്നിട്ടുണ്ടോ;

(ബി) ഇത് ഗവൺമെന്റ് മേഖലയിലാണോ സ്വാശ്രയ മേഖലയിലാണോ പ്രവർത്തിക്കുന്നതെന്ന് പറയാമോ ;

(സി) ഇതിലേക്കുള്ള അഡ്മിഷൻ നടത്തുന്നതെപ്രകാരമാണ് ;

(ഡി) എത്ര വിദ്യാർത്ഥികൾക്കാണ് ഇവിടെ അഡ്മിഷൻ നൽകുന്നത് ?

ഉത്തരം

(എ) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നിലവിലില്ല.

(ബി) യും (സി) യും (ഡി) യും ചോദ്യം ഉദിക്കുന്നില്ല.

പാരലൽ കോളേജുകൾ

159 [758] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പാരലൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും "സെസ്സ്" പിരിക്കുന്നതിലേക്ക് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly